# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 ഏപ്രിൽ 25, ചൊവ്വ

**നമ്പർ 58**

രാവിലെ 8.30 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

[സഭാ നടപടികൾ ആരംഭിക്കുന്നതിനു മുൻപ് ദേശീയഗാനം ആലപിക്കുകയുണ്ടായി]

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ചരമോപചാരം:

മുൻ കേരളാ ഗവർണ്ണറായിരുന്ന പി. ശിവശങ്കറിന്റെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതനോടുള്ള ആദരസൂചകമായി അംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു

ചെയർമാൻമാരുടെ പാനൽ:

നടപ്പ് സമ്മേളനത്തിലെ ചെയർമാൻമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു:

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. പി. ഉബൈദുള്ള

അടിയന്തരപ്രമേയം:

മൂന്നാറിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കാനുള്ള നടപടികൾ നിർത്തിവച്ചതുമൂലവും കൈയ്യേറ്റം ഒഴിപ്പിക്കാൻ നേതൃത്വം നൽകിയ ഉദ്യോഗസ്ഥരെ ആക്ഷേപിച്ചുകൊണ്ട് വൈദ്യുതി വകുപ്പുമന്ത്രി നടത്തിയതായി പറയപ്പെടുന്ന സ്ത്രീവിരുദ്ധ പ്രസ്താവനമൂലവും ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റൊരംഗവും ചേർന്ന് ഒരു അടിയന്തര പ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്നു.

KNPP. 659/2017 (i).

പ്രസ്തുത വിഷയം സംബന്ധിച്ച് സ്പീക്കറുടെ അനുമതിയോടെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി വ്യക്തിപരമായ വിശദീകരണം നൽകി.

മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി ബഹളം വച്ച് സഭാ നടപടികൾ തടസ്സപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. കേരള കോൺഗ്രസ് (എം), ബി.ജെ.പി. എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

<u>ശ്രദ്ധ ക്ഷണിക്കൽ:</u>

പെരിയാറിനെ മാലിന്യമുക്തമാക്കി സംരക്ഷിക്കാൻ പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എസ്. ശർമ്മ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയം സഭയിൽ അംഗങ്ങൾ ഉന്നയിച്ചു

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. സി. ദിവാകരൻ | നെടുമങ്ങാട് വീടിനു മുകളിൽ കോൺക്രീറ്റ് മതിൽ മറിഞ്ഞു വീണ് അമ്മയും രണ്ടു കുട്ടികളും മരണപ്പെട്ടത്. | മുഖ്യമന്ത്രി |

വിഷയം സംബന്ധിച്ച് മുഖ്യമന്ത്രി പ്രസ്താവന നടത്തി.

പ്രതിപക്ഷ അംഗങ്ങൾ നടുത്തളത്തിലിറങ്ങി ബഹളം തുടർന്നതുമൂലം സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടു പോകാൻ കഴിയാത്തതിനാൽ രാവിലെ 10.52-ന് സ്പീക്കർ സഭ താൽക്കാലികമായി നിർത്തിവച്ചു

രാവിലെ 11.36-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ വീണ്ടും സമ്മേളിച്ചു.

[പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നതിനാൽ ചട്ടം 304 പ്രകാരമുള്ള സബ്മിഷനുകളിൽ ബാക്കിയുള്ളവയുടെ അവതരണം റദ്ദ് ചെയ്യുന്നതായി സ്പീക്കർ അറിയിക്കുകയും മറ്റു നടപടികളിലേക്ക് കടക്കുകയും ചെയ്തു.]

മേശപ്പുറത്തുവച്ച കടലാസുകൾ:

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വച്ചു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2017 | 3 | ദി മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2017 |
| 2 | 2017 | 4 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2017 |
| 3 | 2017 | 5 | 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ഓർഡിനൻസ് |
| 4 | 2017 | 6 | ദി കേരള മെഡിക്കൽ എഡ്യൂക്കേഷൻ (റഗുലേഷൻ ആന്റ് കൺട്രോൾ ഓഫ് അഡ്മിഷൻ റ്റു പ്രൈവറ്റ് മെഡിക്കൽ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്) ഓർഡിനൻസ്, 2017. |

റിപ്പോർട്ട് സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ രണ്ടാമത് റിപ്പോർട്ട്

(2) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ രണ്ടാമത് റിപ്പോർട്ട്

(3) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ രണ്ടാമത് റിപ്പോർട്ട്

(4) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ രണ്ടാമത് റിപ്പോർട്ട്

(5) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ രണ്ടാമത് റിപ്പോർട്ട്

(6) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ രണ്ടാമത് റിപ്പോർട്ട്

(7) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ രണ്ടാമത് റിപ്പോർട്ട്

(8) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ രണ്ടാമത് റിപ്പോർട്ട്

(9) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ രണ്ടാമത് റിപ്പോർട്ട്

(10) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി X-ന്റെ രണ്ടാമത് റിപ്പോർട്ട്

(11) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI- ന്റെ രണ്ടാമത് റിപ്പോർട്ട്

(12) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ രണ്ടാമത് റിപ്പോർട്ട്

(13) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII-ന്റെ രണ്ടാമത് റിപ്പോർട്ട്

(14) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ രണ്ടാമത് റിപ്പോർട്ട്.

<u>നിയമനിർമ്മാണകാര്യം:</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലും ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന ബില്ലിനോടൊപ്പം മേശപ്പുറത്തു വയ്ക്കുകയും ചെയ്തു. ബിൽ ഒരു സെലക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച് സംസാരിച്ചു.

അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം പ്രമേയം സഭ പാസ്സാക്കുകയും ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച രണ്ടാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2017 ഏപ്രിൽ 26-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.49-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

**Fifth Session**

# BULLETIN—PART I

(Brief Record of Proceedings)

*Tuesday April 25, 2017*

**No. 58**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

[National Anthem was sung before the Commencement of the Proceedings.]

*Questions:*

Three questions in the list of questions posted for the day were answered orally.

*Obituary Reference:*

The Speaker made reference on the demise of P. Shivasankar, former Governor of Kerala. As a mark of respect to the deceased, the Members stood in silence for a while.

*Panel of Chairman:*

The following Members were nominated to the Panel of Chairmen for the current session:

Shri K. Suresh Kurup

Shri G. S. Jayalal

Shri P. Ubaidulla

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of Shri Thiruvanchoor Radhakrishnan and another Member regarding the serious situation reported to have arisen consequent on the stoppage of evacuation of encroachment in Munnar and the alleged anti-women statement by the Minister for Electricity abusing the officials who led the evacuation.

KNPP. 659/2017(ii).

Shri M. M. Mani, Minister for Electricity made a personal explanation in this matter with the consent of the Speaker. As a mark of protest against the attitude of the Government, Members belonging to Kerala Congress (M) and B.J.P. staged a walkout. The other Members belonging to the opposition entered the well of the house and continued disrupting the proceedings of the House.

*Calling Attention:*

Shri S. Sarma called the attention of the Chief Minister to the necessity to constitute Periyar River Management Authority to conserve the Periyar River pollution free. The Chief Minister made a statement thereto.

*The matters raised by Members Under Rule 304*

The following matter was raised by Member in the House under Rule 304.

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. സി. ദിവാകരൻ | നെടുമങ്ങാട് വീടിനു മുകളിൽ കോൺക്രീറ്റ് മതിൽ മറിഞ്ഞു വീണ് അമ്മയും രണ്ടു കുട്ടികളും മരണപ്പെട്ടത്. | മുഖ്യമന്ത്രി |

The Chief Minister made a statement on the subject.

[The Members belonging to the Opposition continued to disrupt the proceedings. Having found it difficult to carry out the business the Speaker temporarily adjourned the House at 10.52 a.m.]

The House re-assembled at 11.36 a.m. with Mr. Speaker in the Chair.

[Members belonging to the Opposition again moved into the well of the House raising slogans and tried to disrupt the proceedings. Meanwhile the Speaker suspended the rest of the notices Under Rule 304 and proceeded to the next business of the House.]

*Papers laid on the Table:*

The following papers were laid on the Table:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2017 | 3 | ദി മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2017 |
| 2 | 2017 | 4 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2017 |
| 3 | 2017 | 5 | 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ഓർഡിനൻസ് |
| 4 | 2017 | 6 | ദി കേരള മെഡിക്കൽ എഡ്യൂക്കേഷൻ (റഗുലേഷൻ ആന്റ് കൺട്രോൾ ഓഫ് അഡ്മിഷൻ റ്റു പ്രൈവറ്റ് മെഡിക്കൽ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്) ഓർഡിനൻസ്, 2017. |

*Presentation of Report:*

The following Reports were presented:

1. The Second Report of the Subject Committee II on the Scrutiny of demands for grants.
2. The Second Report of the Subject Committee III on the Scrutiny of demands for grants.
3. The Second Report of the Subject Committee IV on the Scrutiny of demands for grants.
4. The Second Report of the Subject Committee I on the Scrutiny of demands for grants.
5. The Second Report of the Subject Committee V on the Scrutiny of demands for grants.
6. The Second Report of the Subject Committee VI on the Scrutiny of demands for grants.
7. The Second Report of the Subject Committee VII on the Scrutiny of demands for grants.

8. The Second Report of the Subject Committee VIII on the Scrutiny of demands for grants.
9. The Second Report of the Subject Committee IX on the Scrutiny of demands for grants.
10. The Second Report of the Subject Committee X on the Scrutiny of demands for grants.
11. The Second Report of the Subject Committee XI on the Scrutiny of demands for grants.
12. The Second Report of the Subject Committee XII on the Scrutiny of demands for grants.
13. The Second Report of the Subject Committee XIII on the Scrutiny of demands for grants.
14. The Second Report of the Subject Committee XIV on the Scrutiny of demands for grants.

*Legislative Business:*

Shri Kadakampally Surendran, Minister for Co-operation, Tourism and Devaswoms introduced the Madras Hindu Religious and Charitable Endowments (Amendment) Bill, 2017 and moved the motion that the Bill be referred to Subject Committee II (Land Revenue and Devaswoms) and laid a statement under rule 75(1) along with the Bill. Shri M. Rajagopalan moved an amendment that the Bill be referred to a Select Committee and spoke.

The amendment moved was withdrawn by the leave of the House. The motion was then passed and the Bill was referred to the Subject Committee II – Land Revenue and Devaswoms.

The House adjourned at 11.49 a.m. to meet again 8.30 a.m. on Wednesday, April 26, 2017.

V. K. BABU PRAKASH,
*Secretary.*